## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

# ബജറ്റ്

## 2025 – 2026

# ആമുഖം

പ്രിയമുള്ളവരെ,

2020 വർഷത്തിൽ ചുമതലയേറ്റ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി നാല് പ്രവർത്തന വർഷങ്ങൾ പൂർത്തിയാക്കി അഞ്ചാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് ഈ പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് നമ്മുടെ പഞ്ചായത്തിൽ അനിവാര്യമായ വികസനം സാധ്യമാക്കുന്നതിന് കഴിഞ്ഞ നാല് വർഷമായി പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

വയോജനങ്ങൾ, ഭിന്നശേഷിക്കാർ, അതിദരിദ്രർ മുതലായ പാർശ്വവൽകൃത സമൂഹത്തെ പ്രത്യേകം പരിഗണിച്ചുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തി സാമൂഹ്യ ക്ഷേമത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കാണ് പഞ്ചായത്ത് മുൻഗണന നൽകിയത്.

അതീവ പ്രധാന്യത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത മറ്റൊരു പ്രവർത്തനം മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ടതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് അജൈവമാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

പൊതുനിരത്തുകളിലെ മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിന് സിസിടിവി ക്യാമറ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ശ്രദ്ധയിൽപ്പെടുന്ന മാലിന്യ നിക്ഷേപങ്ങൾക്ക് പിഴ ഈടാക്കി ആയത് നിയന്ത്രിച്ചു വരികയും ചെയ്യുന്നു. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സംവിധാനം കൊണ്ടുവന്നതിലൂടെ ഈ രംഗത്ത് കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു.

ലൈഫ് പാർപ്പിട പദ്ധതിയുടെ പൂർത്തീകരണം, കൂടുതൽ മെച്ചപ്പെട്ട സൗകര്യത്തോടു കൂടിയുള്ള എംസിഎഫിന് കെട്ടിടം എന്നിവയാണ് പഞ്ചായത്ത് നടപ്പു വർഷത്തിലുള്ള പ്രധാന പദ്ധതി. സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിനോട് ചേർന്ന് പറമ്പത്ത് നിർമ്മിക്കുന്ന ടർഫ് ഗ്രൗണ്ട് കായിക മേഖലയിലെ പുരോഗതിക്കും സഹായകമാകും. വനിതാ ഘടക പദ്ധതിയിൽ വ്യത്യസ്തമായ പ്രൊജക്റ്റുകൾ ഏറ്റെടുത്തുകൊണ്ട് പഞ്ചായത്തിന് ജെൻഡർ സൗഹൃദമാക്കുന്നത് കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ആർജിച്ചിട്ടുള്ള നേട്ടങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് വകയിരുത്തി പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ട്.

പാർപ്പിടം തെരുവുവിളക്ക് കുടിവെള്ള വിതരണം പശ്ചാത്തല മേഖല എന്നിങ്ങനെ അടിസ്ഥാന സൗകര്യ വികസനത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, സ്കോളർഷിപ്പ് ഇവ നൽകി വിദ്യാഭ്യാസ നിലവാരം ഉയർത്തി ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്

പഞ്ചായത്തിന്റെ പരിമിതമായ വിഭവസ്രോതസ്സുകളിൽ നിന്നുകൊണ്ട് എല്ലാ മേഖലകളിലെയും സമസ്ത വികസനം ലക്ഷ്യമിടുന്ന ബജറ്റ് ആണ് 2025-26 വർഷത്തിലേക്ക് തയ്യാറാക്കിയിരിക്കുന്നത്. ചെങ്ങമനാടിന്റെ വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിന് എം.പി, എംഎൽഎ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ മേൽ ഘടകങ്ങളിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും കൂടി നമുക്ക് സഹായ സഹകരണങ്ങൾ ലഭ്യമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

നമുക്ക് ഒറ്റക്കെട്ടായി നാടിന്റെ വളർച്ചയ്ക്കായി മുന്നോട്ടുനീങ്ങാൻ ആയത് എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു എല്ലാവർക്കും ആശംസകൾ അർപ്പിച്ചു കൊണ്ട്.

**ജയ മുരളീധരൻ**
പ്രസിഡന്റ്
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്
# ബജറ്റ് 2025-26

ബഹുമാന്യരെ,

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2020ൽ നിലവിൽ വന്ന ഈ ഭരണസമിതിയുടെ അവസാന വർഷ ബജറ്റ് ആണ് അവതരിപ്പിക്കുന്നത്.

കഴിഞ്ഞ നാല് വർഷക്കാലയളവിൽ പഞ്ചായത്തിന്റെ സമസ്ഥ മേഖലകളുടെയും വികസനം സാധ്യമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തിലാണ് 2025-26 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നത്.

പഞ്ചായത്തിന് സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന ഗ്രാൻഡുകൾ, കേന്ദ്രവിഷ്കൃത പദ്ധതി ഫണ്ടുകൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, എം.എൽ.എ എം.പി ഫണ്ടുകൾ, വിവിധ വകുപ്പുകളുടെ ഫണ്ടുകൾ, പഞ്ചായത്തിന്റെ തനത് വരുമാനം എന്നിവയാണ് പഞ്ചായത്തിന്റെ വിഭവസ്രോതസ്സുകൾ.

14-ാം പഞ്ചവസര പദ്ധതിയും, 4ാം വർഷത്തിൽ അവതരിപ്പിക്കുന്ന ബജറ്റിൽ ഭവന നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിന് പ്രഥമ പരിഗണന നൽകുന്നത്. കാർഷിക മേഖലയുടെ വികസനത്തിനും, മാലിന്യ സംസ്കരണം മേഖലയിലും, പട്ടികജാതി ക്ഷേമത്തിനും, വനിതാ ക്ഷേമത്തിനും, ആരോഗ്യ മേഖലയ്ക്കും, സാമൂഹ്യ സുരക്ഷ മേഖലയ്ക്കും, പ്രാധാന്യം നൽകി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് 2025-26 വർഷ ബജറ്റ് വിഭാവനം ചെയ്തിരിക്കുന്നത്.

## പ്രധാന വകയിരുത്തലുകൾ/ പദ്ധതി നിർദ്ദേശങ്ങൾ

### 1. ഭവന നിർമ്മാണ പദ്ധതി

സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് 2020ലെ ഭവനരഹിതരുടെ ലിസ്റ്റിൽപ്പെട്ട 241 ഗുണഭോക്താക്കൾക്കും, ഭൂരഹിത ഭവനരഹിത ലിസ്റ്റിലുള്ള 120 ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് സഹായം നൽകി പഞ്ചായത്തിലെ എല്ലാ വിഭാഗം ആളുകളെയും വീട് ലഭ്യമാക്കുന്നതിനായി 8 കോടി 60 ലക്ഷം രൂപ ഭവന നിർമ്മാണ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

### 2. കാർഷിക മേഖല

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ ശക്തമായ കാർഷിക പാരമ്പര്യവും സംസ്കാരവും നിലനിർത്തുന്നതിന്റെ ഭാഗമായി നെൽകൃഷി വികസനത്തിന് 10 ലക്ഷം രൂപയും,വാഴകൃഷി വികസനത്തിന് 5.20ലക്ഷം രൂപയും, പച്ചക്കറി കൃഷി വികസനത്തിന് 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പശു വളർത്തൽ, എരുമ/പോത്ത് വളർത്തൽ എന്നിവയുടെ പ്രോത്സാഹനത്തിനായി 50 ലക്ഷം രൂപയോളം വകയിരുത്തിയിട്ടുണ്ട്. മുട്ടക്കോഴി വളർത്തൽ മറ്റ് സംയോജിത

കൃഷികളുടെ വികസനം എന്നിവയ്ക്ക്ഉൾപ്പെടെ ഉൽപാദന മേഖലയ്ക്ക് ആകെ11.33 കോടി രൂപവകയിരുത്തിയിട്ടുണ്ട്.

**3. ആരോഗ്യ മേഖല**

ആരോഗ്യമേഖലയിലെ പ്രധാന സ്ഥാപനം ചെങ്ങമനാട് സാമൂഹ്യ ആരോഗ്യ കേന്ദ്രവും അതിന് കീഴിലുള്ള ഉപകേന്ദ്രങ്ങളും ആണ്.സാമൂഹ്യ ആരോഗ്യ കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ് എങ്കിലും പഞ്ചായത്ത് പരിധിയിലെ പൊതുജന ആരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത് ഗ്രാമ പഞ്ചായത്ത് ആണ്. പാലിയേറ്റീവ് പരിചരണത്തിനു ഉൾപ്പെടെ അലോപ്പതി ചികിത്സ മേഖലയ്ക്കായി 30 ലക്ഷത്തിലധികം രൂപ മാറ്റി വെച്ചിരിക്കുന്നു.പഞ്ചായത്തിന് കീഴിലുള്ള 3 സബ് സെന്ററുകളും 21 ലക്ഷം രൂപ ഉപയോഗിച്ച് നടപ്പ് വർഷം പുനരുദ്ധരിച്ചിട്ടുണ്ട്. മറ്റ് ചികിത്സ രീതികളായ ആയുർവേദം, ഹോമിയോ എന്നീ ഡിസ്‌പെൻസറുകളിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് മാത്രമായി12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യമായ മെയിന്റനൻസ്/ തനത് ഫണ്ട് എന്നിവ വകയിരുത്തിയിട്ടുണ്ട്. നമ്മുടെ ആയുർവേദ ഡിസ്പെൻസറി ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഭാഗമായി ദേശീയ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ഹോസ്പിറ്റൽ ആൻഡ് ഹെൽത്ത് പ്രൊവൈഡേഴ് സംഘം പരിശോധന പൂർത്തീകരിച്ചിട്ടുണ്ട് എന്നത് അഭിമാനാർഹമായ കാര്യമാണ്.

**4. പശ്ചാത്തല മേഖല**

കഴിഞ്ഞ നാല് വർഷങ്ങളിലായി പഞ്ചായത്ത് പരിധിയിലെ ഭൂരിഭാഗം ഗ്രാമീണ റോഡുകളുടെയും അറ്റകുറ്റപണികൾ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞു. കൂടാതെ ധാരാളം പുതിയ റോഡുകളുടെയും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. 2025-26 ബജറ്റിൽ പുതിയ റോഡുകളുടെ നിർമ്മാണത്തിനായി 1.27 കോടി രൂപയും വിവിധ റോഡുകളുടെ മെയിന്റനൻസ് പ്രവർത്തികൾക്കായി 3.31 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. തെരുവ് വിളക്ക് പരിപാലനത്തിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. പൊതു കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്കായി 35 ലക്ഷം രൂപയും, മറ്റു സ്ഥാപന ജംഗമ വസ്തുക്കളുടെ വാങ്ങലുകൾക്കായി 40 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**5. മാലിന്യനിർമാർജനം**

ആലുവ നഗരസഭയോട് ചേർന്ന് കിടക്കുന്ന നഗര രീതിയിലുള്ള പഞ്ചായത്ത് ആയതിനാൽ മാലിന്യ പ്രശ്നം നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ രൂക്ഷമായി കൊണ്ടിരിക്കുകയാണ്. ഹരിതകർമ്മസേന വഴി അജൈവമാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്ന പദ്ധതി കൃത്യമായി നടന്നു വരുന്നുണ്ട്. എം.സി.എഫി ന് സ്വന്തമായി വിപുലമായ സൗകര്യങ്ങളോട് കൂടിയ കെട്ടിടം ഉണ്ടാക്കുകഎന്നതിന് പരിഗണന നൽകി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണ ഘട്ടത്തിൽ

ആവശ്യമെങ്കിൽ അധിക വിഭവസ്രോതസ്സുകൾ കണ്ടെത്തുന്നതാണ്. മാലിന്യനിർമാർജന പദ്ധതികൾക്കായി ശുചിത്വം മേഖലയിൽ 24.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 6. വിദ്യാഭ്യാസം, കല, സംസ്കാരം

വിദ്യാഭ്യാസമേഖലയ്ക്കും 2025-26 വർഷത്തിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. വിജയഭേരി പദ്ധതിക്കായി 5 ലക്ഷം രൂപയും സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണത്തിന് 10 ലക്ഷം രൂപയും, സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി 6.75 ലക്ഷം രൂപയും, പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകം വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. തുടർ സാക്ഷരത പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പതിനാലാം വാർഡിൽഒരു കളിസ്ഥലം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്ക് പ്രാഥമികമായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

### 7. ഘടക സ്ഥാപനങ്ങൾ

കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും സേവന സൗകര്യം മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ഓഫീസ് ചെലവുകൾക്കും ആവശ്യമായ വിഹിതം ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### 8. സാമൂഹ്യ സുരക്ഷിതത്വം

സാമൂഹ്യ സുരക്ഷിതത്വ മേഖലയ്ക്ക് നടപ്പ് വർഷം പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സഹായ വിതരണത്തിൽ 2.7 കോടി വകയിരുത്തിയിട്ടുണ്ട്. അങ്കണവാടി പോഷകാഹാരം പരിപാടിക്ക് 30 ലക്ഷവും, അങ്കണവാടികളുടെ അനുബന്ധസൗകര്യം ഒരുക്കുന്നതിന് 28.5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വനിത ക്ഷേമ പദ്ധതിയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതിക്കും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അഗതികളുടെയും വയോജനങ്ങളുടെയും ക്ഷേമത്തിനും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

### 9. പട്ടികജാതി ക്ഷേമം

പട്ടികജാതി മേഖലയിൽ സമ്പൂർണ്ണ ഭവന നിർമ്മാണം നടപ്പ് വർഷം ലക്ഷ്യമിട്ട് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായം നൽകുന്നതിന് 10 ലക്ഷം രൂപയും, ലാപ്ടോപ്പ് വിതരണത്തിന് 5.25 ലക്ഷം രൂപയും, പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി 8.75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## 10. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നടപ്പ് സാമ്പത്തിക വർഷത്തിൽ ഇപ്പോൾ വരെ 35,000ത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 250ലധികം പേർക്ക് 100 ദിവസം തൊഴിൽ നൽകുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 40,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സജീവ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പൂർണ്ണമായും 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് ലക്ഷ്യമിടുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ 1.75 കോടി വേതന/സാധന ഘടകമായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

പ്രിയമുള്ളവരെ,

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസന രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വികസന വിഷയത്തിൽ ഇനിയും നമുക്ക് ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. പരിമിതമായ വിഭവസ്രോതസ്സുകൾ ഉപയോഗിച്ചും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചും നിർബന്ധിത വകയിരുത്തലുകൾ നടത്തി കഴിഞ്ഞ് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ഏറ്റവും അത്യാവശ്യമായി പൂർത്തീകരിക്കേണ്ട പദ്ധതികളാണ് നടപ്പ് വർഷം ഏറ്റെടുത്തിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തിലേക്ക് 31,63,85,778/- രൂപ വരവും 31,08,17,852/- രൂപ ചെലവും 55,67,926/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റ് ചർച്ച ചെയ്ത് പൂർണ്ണത നൽകി അംഗീകരിക്കുന്നതിനായി അവതരിപ്പിച്ചു കൊള്ളുന്നു.

(ഒപ്പ്)
സി.എസ് അസീസ്സ് വൈസ്
പ്രസിഡന്റ്/ധനകാര്യ സ്ഥിരം സമിതി

ചെങ്ങമനാട്
12/03/2025

## Chengamanad GRAMA PANCHAYAT.. BUDGET FOR THE YEAR ..2025-2026

### BUDGET STATEMENT

| | PARTICULARS | | Actuals for the year -2023-2024(..കണക്ക്-2023-2024 | Budget for the year (including all revisions)--2024-2025 ..(പരിഷ്കരിച്ച ബജറ്റ് 2024-2025 | Budget for the Year-2025-2026(.-ബജറ്റ്-2025-2026 |
|---|---|---|---|---|---|
| A | Opening balance(net) | ws-1 | 39,152,488.00 | 46,882,298.00 | 34,168,778.00 |
| B | a) Tax revenue-നികുതി വരുമാനം | BS-1 | 14,867,232.00 | 18,139,080.00 | 19,115,000.00 |
| C | b) Non tax revenue-നികുതിയിതര വരുമാനം | BS-2 | 6,017,512.00 | 10,255,500.00 | 8,858,000.00 |
| D | **Total Own Fund-ആകെ തനത് ഫണ്ട്** | (B+C) | 20,884,744.00 | 28,394,580.00 | 27,973,000.00 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് | BS-3 | 12,859,200.00 | 19,471,923.00 | 19,546,000.00 |
| F | **Total -ആകെ** | (D+E) | 33,743,944.00 | 47,866,503.00 | 47,519,000.00 |
| G | d) Other Grants(Plan)-മറ്റ് റവന്യു ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് | BS-4 | 72,341,537.00 | 103,675,983.00 | 151,133,000.00 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യു ഗ്രാന്റുകൾ-പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 46,882,100.00 | 54,000,000.00 | 70,000,000.00 |
| I | **Toal Revenue Income -ആകെ റവന്യു വരവുകൾ** | (F+G+H) | 152,967,581.00 | 205,542,486.00 | 268,652,000.00 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | - | - | - |
| K | al Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 3,337,187.00 | 9,243,740.00 | 13,565,000.00 |
| L | **Total Capital Income-ആകെ മൂലധന വരവുകൾ** | (J+K) | 3,337,187.00 | 9,243,740.00 | 13,565,000.00 |
| M | **Total Income -ആകെ വരവുകൾ** | (I+L) | 156,304,768.00 | 214,786,226.00 | 282,217,000.00 |
| N | **Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും** | (M+A) | 195,457,256.00 | 261,668,524.00 | 316,385,778.00 |

## Chengamanad GRAMA PANCHAYAT.. BUDGET FOR THE YEAR ..2025-2026

### BUDGET STATEMENT

| | PARTICULARS | | Actuals for the year -2023-2024(..കണക്ക്-2023-2024 | Budget for the year (including all revisions)--2024-2025 ..(പരിഷ്കരിച്ച ബജറ്റ് 2024-2025 | Budget for the Year-2025-2026(.-ബജറ്റ്-2025-2026 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് | BS-8 | 23,613,846.00 | 28,080,000.00 | 34,513,000.00 |
| P | Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 73,037,242.00 | 129,319,319.00 | 187,494,852.00 |
| Q | Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 46,882,100.00 | 54,000,000.00 | 70,000,000.00 |
| R | **Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ** | (O+P+Q) | 143,533,188.00 | 211,399,319.00 | 292,007,852.00 |
| S | Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് | BS-11 | 1,521,687.00 | 1,521,687.00 | - |
| T | Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ | BS-12 | 3,520,083.00 | 14,578,740.00 | 18,810,000.00 |
| U | **Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ** | (S+T) | 5,041,770.00 | 16,100,427.00 | 18,810,000.00 |
| V | **Total Expenditure -ആകെ ചെലവുകൾ** | (R+U) | 148,574,958.00 | 227,499,746.00 | 310,817,852.00 |
| W | **Closing Balance-നീക്കി ബാക്കി** | (N-V) | 46,882,298.00 | 34,168,778.00 | 5,567,926.00 |